"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ-ജീവനക്കാര്യം-അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയും സ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഈ ആഫീസിലെ 03/10/2025 ലെ KPCS/5685/2025/E3 നമ്പർ ഉത്തരവ്
2) ഈ ആഫീസിൽ നിന്നുള്ള 17/12/2025 ലെ E1-3138/2023/Prhq നമ്പർ ഉത്തരവ്
3) 18/10/2025 തീയതിയിൽ തവനൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ. ആനന്ദകൃഷ്ണൻ എ എൻ സമർപ്പിച്ച അപേക്ഷ

ഉത്തരവ് നമ്പർ: **KPCS/718/2025-E6**; തീയതി: 31-12-2025

തിരൂർ സബ് ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ. പ്രഭാകരൻ കെ കെ, 31/12/2025 ന് സർവീസിൽ നിന്നും വിരമിക്കലിന് മുന്നോടിയായി 03/10/2025 മുതൽ 31/12/2025 വരെ 90 ദിവസത്തേക്ക് പരാമർശം ഒന്നുപ്രകാരം LPR എടുത്തതിനാലും, മട്ടാഞ്ചേരി സബ് ജയിൽ സൂപ്രണ്ട് ശ്രീ. ബിജു കെ ബിക്ക് പരാമർശം രണ്ട് പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയതിനാലും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ പ്രൊമോഷൻ ക്വോട്ടയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ നിലവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് കണ്ണൂർ സ്പെഷ്യൽ സബ് ജയിലിലെ ശ്രീ. വിൻസെന്റ് കെ.സി,കൊല്ലം ജില്ലാ ജയിലിലെ ശ്രീ. സ്റ്റാലിൻ എ, എന്നിവരാണ്. ടിയാന്മാർക്കെതിരെ അച്ചടക്ക നടപടികൾ നിലവിലില്ല. അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ.വിൻസെന്റ് കെസി-യെ അച്ചടക്ക നടപടിയുടെ പേരിൽ മുമ്പ് സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. എന്നാൽ ശിക്ഷണ നടപടി സ്വീകരിച്ച് ടിയാന്റെ അച്ചടക്ക നടപടികൾ പൂർത്തിയായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചുവടെ ചേർക്കുന്ന രീതിയിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ 43400 -91200 /-രൂപ ശമ്പള സ്കെയിലിൽ നിലവിലുള്ള ഒഴിവുകളിലേക്ക് KS&SSR Rule 28b(ii) പ്രകാരം സ്ഥാനക്കയറ്റം നൽകി

ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.വിൻസെന്റ് കെ. സി | സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ | സെൻട്രൽ പ്രിസൺ, വിയ്യൂർ |
| 2 | ശ്രീ. സ്റ്റാലിൻ എ | ജില്ലാ ജയിൽ, കൊല്ലം | സിക്ക , തിരുവനന്തപുരം |

തവനൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ. ആനന്ദകൃഷ്ണൻ എ എൻ, കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി പരാമർശം നാല് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ 31/05/2027 തീയതിയിൽ സർവീസിൽ നിന്നും വിരമിക്കുന്നത് പരിഗണിച്ച് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ. ആനന്ദകൃഷ്ണൻ എ എൻ-നെ കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

Balram Kumar Upadhyay
DIRECTOR GENERAL

സ്വീകർത്താവ്: 1) സൂപ്രണ്ട്
സെൻട്രൽ പ്രിസൺ വിയ്യൂർ/ തവനൂർ
ജില്ലാ ജയിൽ, കൊല്ലം
സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ/ കോഴിക്കോട്
2) ബന്ധപ്പെട്ട ജീവനക്കാർ (സൂപ്രണ്ട് മുഖാന്തിരം)

Signed by
Preetha V S
Date: 31-12-2025 15:10:34

പകർപ്പ്: ജയിൽ ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ,സീനിയർ എ ഓ, പിഎ ടു ഡിജിപി,സൂപ്രണ്ട്(എസ്റ്റാ),സി എ ടു ഡിജിപി ,പ്രിസൺസ് വെബ് സൈറ്റ്,TC 3,ഫയൽ,കരുതൽ ഫയൽ